നം.983/5 എൽഎൽബി/2012/റ്റിഎ2/സിഇഇ

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## സർക്കാർ ലോ കോളേജുകളിലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്സുകളിലേയ്ക്കുള്ള ഒന്നാംഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ് 2012–13

കേരളത്തിലെ 4 ഗവൺമെന്റ് ലോ കോളേജുകളിലെ 2012–13 വർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ടുമെന്റ് നടപടിക്രമങ്ങൾ **ആഗസ്റ്റ് മാസം 22–ാം തിയതി** ബുധനാഴ്ച ആരംഭിക്കുന്നതാണ്.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് 2012 ആഗസ്റ്റ് മാസം 22–ാം തിയതി മുതൽ 27–ാം തിയതി വൈകുന്നേരം 4 മണി വരെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. വിദ്യാർത്ഥികൾക്ക് തങ്ങളുടെ റോൾ നമ്പർ, ആപ്ലിക്കേഷൻ നമ്പർ, കീ നമ്പർ (വിദ്യാർത്ഥികൾക്ക് തപാൽ മുഖാന്തിരം അയച്ചുതന്നിട്ടുള്ളത്) എന്നിവ രേഖപ്പെടുത്തി പാസ്‌വേർഡ് സെറ്റ് ചെയ്ത ശേഷം ഹോം പേജിൽ കയറി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അലോട്ടുമെന്റിന് പരിഗണിക്കുന്നതല്ല. തപാൽ, ഫാക്സ് എന്നിവ മുഖേനയോ നേരിട്ടോ സമർപ്പിക്കുന്ന ഓപ്ഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| 22.08.2012 | ഓപ്ഷൻ രജിസ്ട്രേഷന് വെബ്സൈറ്റ് സജ്ജമാകുന്നു |
| 27.08.2012 വൈകുന്നേരം 4 മണി | ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം അവസാനിക്കുന്നു |
| 05.09.2012 | **ഒന്നാംഘട്ട അലോട്ടുമെന്റ്** |
| 06.09.2012, 07.09.2012 | വിദ്യാർത്ഥികൾ അലോട്ടുമെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം |
| 10.09.2012 വൈകുന്നേരം 5 മണിക്കു മുമ്പ് | കോളേജ് പ്രിൻസിപ്പൽമാർ നോൺജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായും അതിന്റെ പ്രിൻറൗട്ട് ഫാക്സ് മുഖേനയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നൽകണം |

**സർക്കാർ ലോ കോളേജുകൾ:**

| നം | കോളേജ് | കോഴ്സ് കോഡ് | കോളേജ് കോഡ് | സീറ്റ് |
|---|---|---|---|---|
| 1 | ഗവൺമെന്റ് ലോ കോളേജ്, തിരുവനന്തപുരം | L5 | TVL | 80 |
| 2 | ഗവൺമെന്റ് ലോ കോളേജ്, എറണാകുളം | L5 | EKL | 80 |
| 3 | ഗവൺമെന്റ് ലോ കോളേജ്, തൃശ്ശൂർ | L5 | TCL | 80 |
| 4 | ഗവൺമെന്റ് ലോ കോളേജ്, കോഴിക്കോട് | L5 | KKL | 80 |

**ഫീസ്:**

ഇൻ്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി കോഴ്സിൻ്റെ വാർഷിക ട്യൂഷൻ ഫീസ് അലോട്ടുമെൻ്റ് ലഭിക്കുന്ന കോളേജുകളിൽ തന്നെ അഡ്മിഷൻ സമയത്ത് ഒടുക്കേണ്ട താണ്.

അലോട്ടുമെൻ്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് പ്രോസ്പെക്ടസ് ഖണ്ഡിക **6** ൽ പറയുന്ന യോഗ്യത നേടിയിരിക്കണം.

**അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ:**

1. പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്
2. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന അലോട്ടുമെൻ്റ് ലെറ്റർ
3. എസ്.എസ്.എൽ.സി/ജനന തിയതി തെളിയിക്കുന്ന മറ്റു സ്കൂൾ രേഖകൾ
4. യോഗ്യതാ പരീക്ഷയുടെ മാർക്ക്ലിസ്റ്റുകളും പാസ് സർട്ടിഫിക്കറ്റും (അസ്സൽ)
5. വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും
6. അടുത്തകാലത്തെടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ
7. സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന അപേക്ഷകർ അതത് സ്ഥാപന മേധാവിയിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും നല്ല സ്വഭാവ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.
8. കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ/ബോർഡുകളിൽ നിന്ന് യോഗ്യതാ പരീക്ഷ പാസ്സായ അപേക്ഷകർ പ്രസ്തുത പരീക്ഷകൾ അംഗീകരിച്ചിട്ടുള്ളതായി കേരളത്തിലെ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾ നൽകുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
9. മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും യോഗ്യത നേടിയ വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

***നിർദ്ദിഷ്ട തിയതികളിൽ കോളേജുകളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികൾക്ക് അലോട്ടുമെൻ്റ് നഷ്ടപ്പെടുന്നതും അവരെ തുടർന്നു നടത്തുന്ന അലോട്ടുമെൻ്റുകളിൽ പരിഗണിക്കുന്നതുമല്ല.***

അലോട്ടുമെൻ്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിലും സിറ്റിസൺ കാൾസെൻ്ററിൻ്റെ **155300, 0471–2115054, 2115098, 2335523** എന്നീ നമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
21.08.2012

**പ്രവേശന പരീക്ഷാ കമ്മീഷണർ**